ഉത്തരം

(എ) 23.3.1999-ൽ പ്രസിദ്ധീകരിച്ചു.

(ബി) 1419 പേരെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി)-(ഇ) ഇക്കാര്യം പി.എസ്.സി. യുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(എഫ്) 7.12.99-ലെ കണക്കനുസരിച്ച് 109 പേർക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട്.

(ജി)-(എച്ച്) ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ടു ചെയ്യണമെന്ന് നിർദ്ദേശം നിലവിലുണ്ട്. ഇപ്രകാരം ചെയ്യാത്ത നിയമനാധികാരികൾക്കെതിരെ കർശന നടപടി കൈക്കൊള്ളുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കൊല്ലം ജില്ലയിൽ ലാസ്റ്റ്ഗ്രേഡ് തസ്തികയിലേയ്ക്കുള്ള നിയമനം

74(785) ശ്രീ. എഴുകോൺ നാരായണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ വിവിധ വകുപ്പുകളിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ നിയമിക്കുന്നതിനായി പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണ് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വിവിധ വകുപ്പുകളിൽ ഒഴിവുള്ള ലാസ്റ്റ് ഗ്രേഡ് തസ്തികകൾ റിപ്പോർട്ട് ചെയ്യുന്നതിന് ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകുന്നതിനും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 17.5.99-ൽ നിലവിൽ വന്നു.

(ബി) 7.12.99-ലെ കണക്കനുസരിച്ച് 380 പേർക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ സർക്കാർ നിർദ്ദേശം നിലവിലുണ്ട്.

കെ.എ.പി. 4-ാം ബറ്റാലിയൻ റാങ്ക് ലിസ്റ്റ്

75 (786) ശ്രീ. എം.വി. ജയരാജൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.പി. നാലാം ബറ്റാലിയനിലേയ്ക്ക് പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം ത്വരിതപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികളെ സംബന്ധിച്ച് വിശദീകരിക്കുമോ;

(ബി) ഇതുവരെയായി എത്ര ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എത്ര എൻ.ജെ.ഡി.ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്നും അവയിൽ എത്രയെണ്ണം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) ഒരേ സമയം എത്ര പേർക്ക് പരിശീലനം നൽകുന്നതിനുള്ള സൗകര്യം പ്രസ്തുത മേഖലയിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ഇപ്പോൾ എത്ര പേരെ വീതമാണ് പരിശീലനത്തിനയയ്ക്കുന്നത് വിശദമാക്കുമോ?

ഉത്തരം

(എ) കെ.എ.പി. നാലാം ബറ്റാലിയനിൽ 31.12.99 വരെ ഉണ്ടാക്കാൻ സാദ്ധ്യതയുള്ള 154 ഒഴിവുകൾ 1.1.2000-ൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിച്ചു വരുന്നു.

(ബി) മൂന്നുഘട്ടങ്ങളിലായി കെ.എ.പി. നാലാം ബറ്റാലിയനിൽ 922 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) 106 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. അവ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) 400 പേർക്ക് പരിശീലനം നൽകുന്നതിനുള്ള സൗകര്യം ഉണ്ട്.

(ഇ) 1997-ൽ 173 പേർക്കും 98-ൽ 392 പേർക്കും 99-ൽ 150 പേർക്കും പരിശീലനം നൽകിയിട്ടുണ്ട്.

പൊതുമരാമത്ത്/ജലസേചന വകുപ്പിലെ എൻജിനീയർമാരുടെ തസ്തികകൾ

76 (787) ശ്രീ. എം. ദാസൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസിസ്റ്റന്റ് എൻജിനീയർമാരുടെ പി.എസ്.സി.ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഈ ലിസ്റ്റിൽ നിന്നും പൊതുമരാമത്ത് വകുപ്പിലേക്ക് നിയമനം നടത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തു കൊണ്ടാണ് നിയമനം നടത്താത്തതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജലസേചന വകുപ്പിൽ 16-4-99-ൽ 109 പേർക്ക് നിയമന ഉത്തരവ് നൽകി അതിൽ 9 പേർ ജോലിയിൽ പ്രവേശിച്ചില്ല. അതിനു ശേഷം പ്രമോഷൻ വഴിയുണ്ടായ ഒഴിവുകൾ ഉൾപ്പെടെ 38 ഒഴിവുകൾക്ക് 10-12-99 ൽ നിയമന ഉത്തരവ് അയച്ചിട്ടുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പിൽ നേരിട്ടുള്ള നിയമനത്തിന് ഇതുവരെ ഒഴിവുകൾ ഇല്ലാതിരുന്നു. ഇപ്പോൾ ഉള്ള 16 ഒഴിവുകൾ പി.എസ്.സി.ക്ക് 18-11-1999 ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly